**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3080** **01-03-2023 - ൽ മറുപടിയ്ക്ക്**

**കച്ചേരിക്കടവ് പാലം-അനുബന്ധ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് നിയോജക മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കച്ചേരിക്കടവ് പാലം-അനുബന്ധ റോഡിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | റവന്യൂ വകുപ്പിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. തുക പൂർണ്ണമായും റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് വഴി ലഭിച്ച തുക റവന്യൂ വകുപ്പിലേക്ക് അടച്ചിട്ടുള്ളത് മതിപ്പ തുകയേക്കാൾ 30,545 /- രൂപ കുറവായതിനാൽ ആയതുകൂടി അനുവദിച്ചു കിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് തുക അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | തുക അനുവദിച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി നഷ്ടപരിഹാരം വിതരണം ചെയ്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ